ശ്രീ. എം. എ. റഹിം : വളരെ ഏറെ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. സി. കൊച്ചുകുഞ്ഞു് : സംസ്ഥാനത്തു് ഏത്ര ഹരിജനങ്ങളുടെ കൂടിൽ കൊടുക്കുന്നുണ്ടു് ?

ശ്രീ. എ. എ. റഹിം : അതിന്റെ വിവരങ്ങൾ എന്റെ കൈവശമില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുക്കുന്നതല്ലാതെ വേറെ ഏതെങ്കിലും സ്ഥാപനങ്ങൾ അരിയും പാൽപൊടിയും മറ്റും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : റെഡ്ക്രാസുകാർ വിതരണം നടത്തുന്നുണ്ട്

ശ്രീ. എൻ. പരമേശ്വരൻപിള്ള : അതു സംബന്ധിച്ചു് ഈ ഗവണ്മെന്റിനു് ഏതെങ്കിലും നിയന്ത്രണം ഉണ്ടോ ?

ശ്രീ. എ. എ. റഹിം : യാതൊരു നിയന്ത്രണവും ഇല്ല.

ശ്രീ. പി. വി. അവിരാതരകൻ : സ്കൂളുകളിൽ ഈ അരിയും പാൽപൊടിയും വിതരണം നടത്തുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : അവക്കും ഇതു കൊടുത്തുവരുന്നുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : അതു മുഴുവൻ സ്വാപ്പിടുന്നതു് അവിടത്തെ ഹെഡ്മാസ്റ്റന്മാരാണെന്നു പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : പരാതികൾ കുറേ ലഭിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : അരിയും പാൽപൊടിയും തുടർന്നു ലഭിക്കാൻ വേണ്ട നടപടികൾ എടുക്കാൻ ആലോചിക്കുമോ ?

ശ്രീ. എ. എ. റഹിം : അതു സംബന്ധിച്ചു് എഴുത്തുകുത്തുകൾ നടത്തുന്നു.

കയർ മിനിമം വേജസ് നിയമം.

* 325. [21] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മിനിമം വേജസ് നിയമം നടപ്പിലാക്കിയതു് എന്നു്, ഇതിനകം മിനിമം വേജസ് നൽകുന്നില്ല എന്ന എത്ര പരാതി തൊഴിലാളികളിൽനിന്നും ഡിപ്പാർട്ടുമെന്റിനു ലഭിച്ചു, അതിന്മേൽ എന്തു നടപടി നടത്തി;

(ബി) മിനിമംവേജസ് നിയമം അനുസരിച്ചുള്ള റിക്കാർഡുകൾ കയർ ഉല്പാദകർ സൂക്ഷിക്കുന്നതായി പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ സൂക്ഷിക്കാത്ത ഉല്പാദകരുടെ മേൽ ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ;

(സി) മിനിമംവേജസ് നിയമം നടപ്പിലാക്കാത്ത ഏതെങ്കിലും തൊഴിലാളികളുടെ പേരിൽ ഇതേവരെയായി നടപടി എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) 1954 ഡിസംബർ 1–ാംതീയതി മുതലാണ്. ചില പരാതികൾ ഈ വിഷയത്തെപ്പറ്റി ഡിപ്പാർട്ടുമെൻറിനു ലഭിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമംവേജസു് ലഭിക്കാൻ ആവശ്യമായ നടപടികൾ നടത്തിയിട്ടുണ്ട്.

(ബി) മിനിമംവേജസു്നിയമം അനുസരിച്ചുള്ള റിക്കാർഡുകൾ കൃത്യമല്ലാതെ സൂക്ഷിക്കുന്നുണ്ടോ എന്നു മിനിമംവേജസ് ഇൻസ്പെക്ടർമാർ പരിശോധിച്ചിട്ടുണ്ട്. ഈ പരിശോധനയിൽനിന്നും നിയമാനുസരണമായ റിക്കാർഡുകൾ സൂക്ഷിക്കുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) മിനിമംവേജസു് അക്കറ്റ നടപ്പിലാക്കാത്ത ആരുടെയും പേരിൽ നടപടി നടത്തിയിട്ടില്ല.

ശ്രീ. ടി. എ. മജീദ്: മിനിമംവേജസ് തൊഴിലാളികൾക്ക് ലഭിക്കുന്നതിനു് എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമംവേജസ് അക്കറ്റ് നടപ്പിലാക്കുക എൻറുള്ളതാണു് അതിൻെറ ആദ്യത്തെ നടപടി.

ശ്രീ. ടി. എ. മജീദ്: അതുകൊണ്ടു മാത്രം അവർക്കു മിനിമംവേജസ് കിട്ടുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അക്കറ്റ് പാസ്സാക്കിയതിനു ശേഷം അതിനുള്ള മറ്റ നടപടികളും എടുത്തുവരുന്നു. അതിലേക്കുള്ള റൂൾസു പാസ്സാക്കി, മിനിമംവേജസു് കിട്ടുന്നില്ലെങ്കിൽ ആ കാര്യത്തിനു് ക്ലെയിം കൊടുക്കാൻ കോടതികൾക്കു് അധികാരം കൊടുത്തിട്ടുണ്ട്. ഇങ്ങനെ പല കാര്യങ്ങളും നടത്തീട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഈ മിനിമംവേജസു്കൊടുക്കാത്ത മുതലാളിമാരുടെ പേരിൽ നടപടി നടത്താൻ ലേബർ ഉദ്യോഗസ്ഥന്മാർക്കു് അധികാരമില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കണം.

ശ്രീ. ടി. എ. മജീദ്: അങ്ങിനെ അവർ ആരുടെയെങ്കിലും പേരിൽ നടപടി നടത്തീട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നടത്തീട്ടില്ല എന്നു പറഞ്ഞു.

ശ്രീ. ടി. എ. മജീദ്: ഈതു പരാതി കിട്ടാത്തതുകൊണ്ടാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരാതി കിട്ടാത്തതുകൊണ്ടല്ല.

ശ്രീ. കുട്ടപ്പൻ കോയ്ക്കൽ: എത്ര മിനിമംവേജസു് ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുവേണം.

ശ്രീ. ടി. കെ. ദിവാകരൻ: റിക്കാർഡുകൾ സൂക്ഷിക്കുന്നുണ്ടെന്നു പറഞ്ഞു. എന്തു റിക്കാർഡുകളാണു്? അതിനുള്ള ചട്ടങ്ങൾ ഗവണ്മെൻറിൽനിന്നും പാസ്സാക്കിയിട്ടില്ലെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാസ്സാക്കിയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : അതിനാവശ്യമായ ഫാറങ്ങൾ ഇതുവരെ പബ്ലിഷ് ചെയ്തിട്ടില്ല എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ഫാറം താമസംവിനാ പബ്ലിഷ് ചെയ്തിട്ടുണ്ടു്. ഇനിയും എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ ചെയ്യാം.

ശ്രീ. ടി. കെ. ദിവാകരൻ : കൂടുതൽ മിനിമംവേജസ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

മോട്ടാർതൊഴിലാളികൾക്കു മിനിമംവേജസു്.

*326. [22] ശ്രീ. ടി. എ. മജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടാർതൊഴിലാളികൾക്കു മിനിമം വേജസു് ഏർപ്പെടുത്തിയതു് എതു തീയതിമുതലാണു്; മിനിമംവേജസു് മോട്ടാർ ഉടമകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) മിനിമം വേജസു് അനുസരിച്ചുള്ള ജോലിസമയവും വേതനവും എന്തു്;

(സി) ജോലിസമയം വളരെ വർദ്ധിപ്പിക്കുകയും, കൂലി സാരമായി കുറച്ചുകയുമാണു് മോട്ടാർ ഉടമകൾ ചെയ്തിരിക്കുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പരാതിയിന്മേൽ എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പബ്ലിക്കു് മോട്ടാർ ട്രാൻസ്പോർട്ടുതൊഴിലാളികൾക്കു് മിനിമം വേജസു് ഏർപ്പെടുത്തിയതു് 15-10-1954 മുതലാണു്. മോട്ടാർ ഉടമകൾ മിനിമം വേജസു് നടപ്പിലാക്കിയിട്ടുണ്ടു്.

(ബി) പബ്ലിക്കു് മോട്ടാർ ട്രാൻസ്പോർട്ടുതൊഴിലാളികളുടെ ജോലിസമയം ദിവസത്തിൽ 9 മണിക്കൂറിലും ആഴ്ചയിൽ 48 മണിക്കൂറിലും കൂടുതലാകാൻ പാടില്ലെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. തൊഴിലാളികളുടെ വേതനം സംബന്ധിച്ചു * ഗവണ്മെൻറിന്റെ വിജ്ഞാപനം ഇതുമായി ബന്ധമായി ചേർത്തിട്ടുണ്ടു്.

(സി) മോട്ടാർ ഉടമകൾ ജോലിസമയം വളരെ വർദ്ധിപ്പിച്ചതായും കൂലി സാരമായി കുറച്ചതായുമുള്ള പരാതി ലഭിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദു് : ഈ ഒൻപതു മണിക്കൂർ എന്നു പറയുന്നതു് സ്റ്റിയറിംഗ് ഡ്യൂട്ടിയാണോ ?

* Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly